കേരള സർക്കാർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ

കവടിയാർ, തിരുവനന്തപുരം-695003
വെബ് സൈറ്റ് : fibkerala.gov.in
ഇ-മെയിൽ : fibtvm.agri@kerala.gov.in
ഫോൺ : 9383470283

നമ്പർ-ADFW/FIB/TVM/313/2026-VP    തീയതി : 06/08/2026

## ക്വട്ടേഷൻ നോട്ടീസ്

കാർഷികവികസന കർഷകക്ഷേമ വകുപ്പ് സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക അവാർഡ് വിതരണവും 2026 ഓഗസ്റ്റ് 17 ചിങ്ങം 1 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ വീഡിയോഗ്രാഫി ചെയ്യുന്നതിലേക്ക് തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഇവയിൽ നിന്ന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു.

ഈ പരിപാടിയുടെ സമഗ്ര വീഡിയോ ഡോക്യുമെന്റേഷനായി കുറഞ്ഞത് 2 സ്റ്റെഡിക്യാം (Steadicam) ഒരു ഗിമ്പൽ ക്യാമറ (Gimbal Camera) ഒരു ഹെലിക്യാം/ഡ്രോൺ (Helicam/Drone) എന്നിവ വിനിയോഗിച്ച് പരിപാടിയുടെ സമഗ്രമായ ചിത്രീകരണം നിർവ്വഹിക്കേണ്ടതാണ്. ഉത്ഘാടന ചടങ്ങ്, സംസ്ഥാനതല കർഷക അവാർഡ് വിതരണം, വിശിഷ്ടാതിഥികളുടെ സാന്നിധ്യം, കർഷക പങ്കാളിത്തം, വേദിയിലെ പ്രധാന മുഹൂർത്തങ്ങൾ, പ്രദർശനങ്ങൾ, പരിപാടിക്കു മുൻപും ശേഷവും നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ പരിപാടിയുടെ ഉയർന്ന നിലവാരത്തിലുള്ള വീഡിയോ ഡോക്യുമെന്റേഷൻ നിർവ്വഹിക്കണം. FULL HD ഫോർമാറ്റിൽ ചിത്രീകരിക്കുന്ന മുഴുവൻ വീഡിയോകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ശേഖരിച്ച് സ്പോട്ട് എഡിറ്റ് ചെയ്യേണ്ടതും നിശ്ചയിച്ച സമയം Output കൈമാറേണ്ടതും ആണ്. കൂടാതെ യഥാർത്ഥ (RAW) ദൃശ്യങ്ങളും പ്രത്യേക ഹാർഡ് ഡിസ്കിൽ കൈമാറേണ്ടതുമാണ്. എല്ലാ ചെലവുകളും (GST ഉൾപ്പെടെ) ക്വട്ടേഷനിൽ രേഖപ്പെടുത്തണം.

ക്വട്ടേഷനുകൾ 13/08/2026 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി ഒ എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിനു മുകളിലായി "ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് വേണ്ടി സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക അവാർഡ് വിതരണവും വീഡിയോ ഗ്രാഫി ചെയ്യുന്നതിലേക്കുള്ള കൊട്ടേഷൻ" എന്നു രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ജോലി ഈ ഓഫീസിലെ ഉദ്യോഗസ്ഥർ വിലയിരുത്തുന്നതും ആയതിൽ ന്യൂനതകളോ കുറവുകളോ അപാകതകളോ വരുന്ന പക്ഷം പേയ്മെൻറിൽ ആനുപാതികമായി കുറവു വരുത്തുന്നതിനും ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷനുകൾ 13/08/2026 തിയതി 3 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ലഭിച്ച ക്വട്ടേഷനുകളിൽ എല്ലാ പ്രവർത്തി കും ഉൾകൊള്ളുന്ന ആകെ തുകയുടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ/സ്ഥാപനത്തിൻറെ പേരിൽ സ്ഥിരപ്പെടുത്തുന്നതാണ്.

13/08/2026 ന് ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്തുള്ള പ്രവർത്തി ദിവസം 12 PM വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും 12.45 PM നു തുറന്നു പരിശോധിക്കുന്നതും ആണ്. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ/ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

Digitally signed by
Sheeba George K
Date: 06-08-2026
15:30:13

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

*പകർപ്പ് :*

*1) വെബ്സൈറ്റ്*

*2) ഓഫീസ് നോട്ടീസ് ബോർഡ്*

*3) ഫാം ന്യൂസ് സെക്ഷൻ*

*4) ഞാറ്റുവേല റേഡിയോ*

*5) മറ്റു പ്രധാന ഓഫീസുകൾ*